Graduates.

മിസ്റ്റർ കെ. അയ്യപ്പൻ.—"*The recommendations in the report of the Special Finance Committee (P. 42) that, in the recruitment of candidates to any offices on Rs. 25 and upwards, preference should be given to Graduates and the supplementary recommendation by Mr. Kasturi Ranga Ayyar that willing Hons. Graduates may be allowed to enter service from the bottom on Rs. 50, be not aaopted*". എന്നതാണ് എന്റെ മോഷൻ (motion). ഫിനാൻസ് കമ്മറ റിപ്പോർട്ടിൽ ൨൫ രൂപയും അതിനുമേലും ശമ്പളമുള്ള ഉദ്യോഗങ്ങൾക്ക് ആളുകളെ നിയമിക്കുന്ന കാര്യത്തിൽ ഗ്രാജ്വേറ്റ്സിനു(graduates) പ്രത്യേകം ഗണനകൊടുക്കണമെന്നു ശുപാർശചെയ്തിട്ടുണ്ട്. ദിവാൻ പേഷ്കാർ, ഓണേഴ്സ് ഗ്രാജ്വേറ്റ്സിനെ (Hons. graduates) ൫൦ രൂപാ ശമ്പളത്തിൽ സെർവീസിന്റെ താണ പടിയിൽ പ്രവേശിക്കുവാൻ അനുവദിക്കണമെന്നും ശുപാർശചെയ്തു കാണുന്നു. ഈ രണ്ടു ശുപാർശകളും വളരെ അപകടമേറിയ ശുപാർശകളാണെന്നാണ് ഞാൻ പറയുന്നത്. ഇതേവരെ കൌൺസിലിൽ ആലോചിച്ചതു് സർവ്വീസ്സിൽ ഇരിക്കുന്നവരുടെ ശമ്പളം കൂട്ടണമൊ കുറയ്ക്കണമൊ എന്നുള്ളതിനെപ്പറ്റിയാണ്. സർവ്വീസിൽ പ്രവേശിക്കാത്തവരുടെ കാര്യത്തെക്കുറിച്ചാകുന്നു ഞാൻ പറയാൻ പോകുന്നത്. രണ്ടു കാരണങ്ങളാൽ മേല്പറഞ്ഞ രണ്ടു ശുപാർശകളും സ്വീകരിക്കാൻ പാടില്ല. ൨൫ രൂപ ശമ്പളമുള്ള ഉദ്യോഗങ്ങൾക്കു ൫൦ രൂപാ ആക്കണമെന്നു പറഞ്ഞപ്പോൾ അതിനു വിപരീതമായി ചില മെംബർമാർ എന്തെല്ലാം ന്യായങ്ങൾ പറഞ്ഞുവൊ ആ ന്യായങ്ങൾതന്നെയാണ് എനിക്കു് ഇക്കാര്യത്തിൽ പറയുവാനുള്ളതു്. ഗ്രാജ്വേറ്റ്സിനെ ൨൫ രൂപാശമ്പളത്തിൽ വെച്ചു് കൈക്കൂലിക്കാർ ആക്കരുതു. ൨൫ രൂപാ കൂറയ്ക്കുവാൻ പാടില്ലെന്നു പറഞ്ഞ ആ ആളുകൾ എല്ലാം എന്നോടു യോജിക്കുമെന്നു വിശ്വസിക്കുന്നു. ഞാൻ അവരുടെ ആ വാദങ്ങളോടു യോജിക്കുന്നുമില്ല. ൨൫ രൂപാ ൫൦ രൂപ ആക്കുന്നതു് വലിയ ഒരു കുറവല്ല. ഒരു ഗ്രാജ്വേറ്റിനു് ൨൫ രൂപാ കൊടുക്കുന്നതു് ഒരു വലിയ കുറവാണു്. ഗ്രാജ്വേറ്റ്സിനു് കുറച്ചിലും നമ്മുടെ സർവ്വകലാശാലകൾക്കു് അപമാനകരവും ആണു്. അതു് വേറെ പലവിധത്തിലും ഉപദ്രവം ചെയ്യുന്നതുമാകുന്നു. ഗ്രാജ്വേറ്റ്സ് അധികമുള്ള രാജ്യത്തു് ഉദ്യോഗങ്ങൾ എല്ലാം അവക്കായിതന്നെ തുറന്നിട്ടാൽ അവക്കു് കൊടുക്കുവാൻതന്നെ ഉദ്യോഗം തികയുകയില്ല. ഒരുദ്ദേശവും ഇല്ലാതെപരീക്ഷകൾ തീരുന്നതുവരെ പഠിക്കുന്ന സമ്പ്രദായം നടപ്പിലിരിക്കുന്നിടത്തോളം കാലം ഉദ്യോഗങ്ങൾക്കായി വരുന്ന ഗ്രാജ്വേറ്റ്സ് കൂടിക്കൊണ്ടുതന്നെ ഇരിക്കും. ഈ ആളുകൾക്കെല്ലാം ഉദ്യോഗം കൊടുക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഗവമ്മെണ്ടിനെക്കൊണ്ടും സാധിക്കയില്ല. അതിനാൽ ർ ൦ക൹ൽ കുറച്ച് ഒരു ഗ്രാജ്വേറിനേയും ഒരു ഉദ്യോഗത്തിലും നിയമിക്കരുതു്. എന്റെ പേരിൽ വേറൊരു മോഷൻകൂടെ ഉണ്ടു്. വേണമെങ്കിൽ ഒന്നിച്ചെടുക്കാം.

പ്രസിഡെണ്ടു്.—അതു് ഏതു മോഷനാണു്. അതു മറെറാരുകാര്യമല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ.—അതു് ഞാൻ പ്രത്യേകം കൊണ്ടുവരാംകൊള്ളാം.

വേറെ ഒന്നുകൂടി പറയുവാനുണ്ടു്. അതു് എന്റെ നിയോജകമണ്ഡലത്തിന്റെ ഒരു ആവശ്യമാണു്. ഫ്രീ ഷിപ്പാവരെയുള്ള ജോലികം ഗ്രാഡ്വേറ്സിനുമാത്രം കൊടുക്കുമെന്നു പറഞ്ഞാൽ ഞങ്ങളെപ്പോലെയുള്ള സമുദായക്കാർക്കു് ജോലികിട്ടുവാൻ ഒട്ടും സൌകര്യമില്ലാതാകും. ഞങ്ങളിൽ ഗ്രാജ്വേറ്സ് വളരെ ചുരുക്കമാണു്. തിരുവിതാംകൂറിൽ ഒരു ഗ്രാജ്വേറും ഏഴു രൂപാക്കു് ഒരു മലയാളം പള്ളിക്കൂടത്തിൽ പോയതായി അറിയുന്നുണ്ടു്. അങ്ങിനെയിരിക്കുന്ന ഇക്കാലത്തു് ഫ്രീ ഷിപ്പ് കൊടുക്കാമെന്നുപറഞ്ഞാൽ ഗ്രാഡ്വേറ്സ് വരികയില്ലെന്നു ഞാൻ പറയുന്നില്ല. ഒരു ജോലിക്കു് ക്ലിപ്തമായ യോഗ്യത ഇന്നതാണെന്നു് തീർച്ചപ്പെടുത്താതെ ഏതു ഉദ്യോഗത്തിനും ഗ്രാജ്വേറ്സിനെതന്നെ നിയമിക്കുമെന്നു വരുന്നതായാൽ സെർവീസിൽ പ്രാതിനിധ്യം കിട്ടാതെ കിടക്കുന്ന സമുദായങ്ങൾക്കു് ഉദ്യോഗം കിട്ടുന്നകാര്യം വലിയ വിഷമമായിത്തീരും. ഉദ്യോഗങ്ങളിൽ പ്രാതിനിധ്യം കിട്ടാതെ കിടക്കുന്ന സമുദായത്തിൽനിന്നു് ആവശ്യമായ യോഗ്യതയുള്ള ആളുകൾ ഉണ്ടെങ്കിൽ അവർക്കു കൊടുക്കാതെ, ഗ്രാഡ്വേറ്സ് മറുസമുദായങ്ങളിൽനിന്നും വരുമ്പോൾ അന്യായവും പറഞ്ഞു് അവർക്കു കൊടുക്കുകയാണെങ്കിൽ പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളുടെ കാര്യം വളരെ പരുങ്ങലിലാകും.

ദിവാൻപേഷ്കാർ അദ്ദേഹത്തിന്റെ ശുപാർശയിൽ ഓണേഴ്സ് ഗ്രാഡുവേറ്സിനു ഇത്ര പ്രാധാന്യം നല്കുന്നതിന്റെ കാരണംഎന്താണെന്നു് ഞാൻകാണുന്നില്ല. അവർ ഈവക ഉദ്യോഗത്തിനു് പ്രാപ്തരാകാതിരിക്കുവാനാണു് അധികം സൌകര്യം. പഠിപ്പിക്കാനാണെങ്കിൽ അവരെക്കൊണ്ടു കൊള്ളാം. അവർക്കു് സാമാന്യമായ ഒരു ജ്ഞാനം ഉണ്ടായിരിക്കുകയില്ല. ഗവമ്മെണ്ടു് സർവ്വീസിൽ പ്രവേശിക്കുന്നവർ അധികവും സാമാന്യജ്ഞാനമുള്ളവരായിരിക്കണം. അതിനു് സാധാരണ ഗ്രാഡ്വേറ്സാണു് നല്ലതു്. ഒരു വലിയ വിദ്വാന്റെ അഭിപ്രായംഇതിനനുകൂലമായിട്ടുണ്ടു്. തിരുവനന്തപുരം മഹാരാജാസ് കാളേജു പ്രൊഫസ്സർ മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർ അദ്ദേഹത്തിന്റെ വാത്സല്യമേറിയവി

LIBRARY ARCHIVES Kerala Legislative Assembly

ദ്യാത്ഥികളോടു് ഓണേഴ്സിനു പഠിക്കുവാനല്ല, പാസ്സ്കോഴ്സിനു പഠിക്കുവാനാണു് ഉപദേശിക്കാറുള്ളതത്രെ. ഓണേഴ്സിനു പഠിക്കുന്നവർക്കു് ഇംഗ്ലീഷു് സാഹിത്യജ്ഞാനം വളരെ പരിമിതമായിട്ടേ കിട്ടുകയുള്ളു. അതുകൊണ്ടു് ഈ രണ്ടു ശുപാർശകളും പ്രത്യേകിച്ചു് ദിവാൻപേഷ്കാർ അവർകളുടേതു് ഒരിക്കലും സ്വീകരിക്കരുതെന്നാണു് എന്റെ അപേക്ഷ.

Mr. T. A. Ramachandra Ayyar.—Resolution No. 78: "*This Council recommends that appointments below Rs. 20 per month be reserved for men without University qualifications, and that in the case of all appointments above Rs. 25 preference be invariably given to men with University qualifications.*"

Sir, I withdraw resolution No. 78 and support resolution No. 9, *i. e.*, "*the recommendations in the report of the Special Finance Committee (p. 42) that in the recruitment of candidates to any office on Rs. 25 and upwards preference should be given to Graduates and the supplementary recommendations by Mr. Kasturi Ranga Ayyar that willing Hons. Graduates may be recruited to enter service from the bottom on Rs. 50 be not adopted.*"

ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. എന്റെ പേരിൽ ഒരു ഭേദഗതിയായി ഒരു റസല്യൂഷൻ ഉണ്ടു്.

പ്രസിഡെണ്ടു്.—അപ്പോൾ നിങ്ങൾ ഈ പ്രമേയത്തെ എതിർക്കുകയല്ലേ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഞാൻ എന്റെ റസല്യൂഷനെ പിൻവലിച്ചു് ഇതിനെ പിൻതാങ്ങുകയാണു്. ബി. എ. യും എം. എ. യും ജയിച്ചു് ആളുകൾ മോട്ടാർ ഓടിക്കാമെന്നും പറഞ്ഞു വന്നാൽ നാം അവരെ അനുവദിക്കരുതു്. അവർക്കു് അതിൽ പ്രത്യേകമായ ശ്രദ്ധ ഉണ്ടാവുകയില്ല. വേറെ ജോലി കിട്ടുമെന്നു കണ്ടാൽ അപ്പോൾ ഇതും ഇട്ടേച്ചു് പൊയ്ക്കളയുവാൻ കാത്തിരിക്കുന്നവരായിരിക്കും അവർ. പൊയ്ക്കളയാതെ ആ ജോലിയിൽ സ്ഥിരമായി നില്ക്കാമെന്നു പറഞ്ഞുകൊണ്ടു് വന്നാൽത്തന്നെയും നാം അവരെ സ്വീകരിക്കാൻ പാടില്ല. ഫാ ശുപായ്ക്കു് ഒരു ബി. എ. ക്കാരനോ എം. എ. ക്കാരനോ ഒരു ജോലിക്കു വരാമെന്നു പറഞ്ഞാൽ അയാൾ കൊള്ളരുതാത്തവനാണു്. (ചിരി) പണ്ടും

LIBRARY ARCHIVES Kerala Legislative Assembly

പന്ത്രണ്ടും രൂപയ്ക്കും ബി. എ. യും എം. എ. യും കാരെയേ നിയമിക്കയുള്ളുവെന്ന വന്നാൽ അതുയും പരീക്ഷാബിരുദം ഇല്ലാത്ത വക്കു് ജോലി കിട്ടുവാൻ നിവൃത്തിയില്ലാതാകും. അതിനാൽ ൪൦ രൂപയിൽ താണ ഉദ്യോഗങ്ങൾ വലിയ പരീക്ഷകളില്ലാത്ത വക്കു് കൊടുക്കേണ്ടതാണു്.

Mr. M. K. Raman.—I also support it. In the so-called backward classes, it is well known, there are not many graduates. So, if the rule that graduates would be preferred in giving appointments on Rs. 25 be held in force in the case of such classes, that would result in very great hardship. In such cases, you should insist upon only the minimum qualification for the particular post, and superior qualification should not be held to be a ground for preference. For posts carrying Rs. 25 the Government do not insist upon the graduate qualifiction. Supposing there is a graduate belonging to any other community and a Thiya or some other member of a backward community who has only the minimum qualification, the Government ought to prefer the latter. Or in other words, that men with superior qualification should not be given the post when there are candidates from an unrepresented class with minimum qualification, required for the post. My point is that the graduate rule should not be held in force so far as the unrepresented and backward communities are concerned. And I request the Government that this matter may be looked into seriously.

Mr. V. D. Ouseph.—I support the resolution not on the same grounds. I do not think that the Christian community is much better off, if you go by statistics and *Civil List*. But I would recommend a change in the idea. Supposing a member from the backward community applies, preference should be given to the under-graduate. But when two apply from the same community for a post, preference should be given to the man with better qualifications.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ:—തെക്കെ നിയോജകമണ്ഡലത്തിലെ പ്രതിനിധി കൊണ്ടുവന്ന പ്രമേയത്തെ ഞാനും ബലമായി പിൻതാങ്ങുന്നു. അദ്ദേഹം പറഞ്ഞ ഒന്നാമത്തെ ന്യായത്തോടു് യോജിച്ചുംകൊണ്ടാണു് ഞാൻ അങ്ങിനെ ചെയ്യുന്നതു്. എനിയ്ക്കു് ബി. എ. ക്കാരോടു് യാതൊരു വിരോധവും ഇല്ല അവരെപ്പറ്റി ഞാൻ സാധാരണയായി വ്യസനിക്കാറാണു് പതിവു്. സർ നാഴികനീളമുള്ള ഒരു രാജ്യത്തിന്റെ ആ തലയിലും ഈ തലയിലുമായി മൂന്നു ഒന്നാംഗ്രേഡു് കാളേജുകൾ ഉള്ളകാലത്തോളം ഇപ്പോൾ വരുന്ന ൨൫ രൂപയ്ക്കും അതിൽ താണ ശമ്പളത്തിനും ഇക്കൂട്ടരെ കിട്ടാതിരിക്കുകയില്ല. അതിനാൽ സർവ്വമ്മെണ്ടിൽ നിന്നു് അവരെ ഉദ്യോഗത്തിൽ നിയമിച്ചു് അവ

LIBRARY ARCHIVES Kerala Legislative Assembly

രുടേയും വിദ്യയുടേയും വില കളയരുത്". അവർ മാറ സ്ഥല ങ്ങളിൽ പോയി അവരുടെ ബിരുദം അനുസരിച്ചുള്ള ഉദ്യോഗ ങ്ങൾ കൈക്കലാക്കുന്നതിനുള്ള വഴി അന്വേഷിക്കുന്നതിനു സൌ കര്യം കൊടുക്കാതെ എത്രതാണ മമ്പള്ളമായാലും ഇവിടെത്ത ന്നെ കിടന്നുകൊള്ളുമെന്ന ഒരു മനസ്ഥിതി അവരിൽ ഉണ്ടാക ത്തക്കനയം ഗവമ്മെണ്ട് ഒരു കാലത്തും അംഗീകരിക്കാൻ പാടി ല്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് തെക്കെ ഇഴു വപ്രതനിധി കൊണ്ടുവന്ന പ്രമേയത്തെ ഞാനും ബലമായി പിൻതാങ്ങുന്നു.

Mr. K. Mohamed Seethi.—I have great pleasure in supporting the resolution brought forward by the Member for the Ezhuva community. If the recommendations of the Special Finance Committee that graduates should be preferred for the posts mentioned by them are carried out, it will work great hardship in the case of the Muslim community also. The Musilms form a most important community among the backward communities though that is not a compliment to that community. This recommendation is sure to work to the detriment of the Muslims. Without advancing with any further arguments I support the Ezhuva Member's motion that the said recommendation should not be given effect to.

President.—The resolution before the House is "*that the recommendations in the report of the Special Finance Committee (page 42) that in the recruitment of candidates to any office on Rs. 25 and upwards, preference should be given to Graduates, and the supplementary recommendation of Mr. Kasturi Ranga Ayyar that willing Hons. Graduates may be recruited to enter service from the bottom on Rs. 50 be not adopted.*"

Resolution put and agreed to.

Mr. K. Ayyappan.—I move motion No. 10. also. "*That the Government make it a rule not to recruit Graduates to any Department on a starting of not less than Rs. 40.*"

Mr. P. Kumaran Ezhuthassan.—I second it.

Mr. K. Ayyappan.—I will explain the resolution.

ഇതു സമുദായ കാര്യമൊന്നുമല്ല. ഇതു ഇവിടെമാത്രം സ്വീ കരിച്ചിട്ടുള്ള നയമല്ലെന്നതോന്നുന്നു. തിരുവിതാംകൂറിൽ വിദ്യാ ഭ്യാസ ഡിപ്പാർട്ടുമെണ്ടിൽ ഗ്രാഡ്വേറ്റ്സിനെ 30 രൂപ യിൽകുറഞ്ഞു നിയമിക്കുവാൻ പാടില്ലെന്നു ഞാൻ അവിടെ ഇരി ക്കുന്നകാലത്തു് ഒരു നിയമം ഉണ്ടായിരുന്നു. ഇപ്പോഴത്തെ നിയ

LIBRARY ARCHIVES Kerala Legislative Assembly

മം അറിഞ്ഞുകൂടാ. ഇവിടെ ഇപ്പോൾ ൨൫ രൂപാ ആയിട്ടുണ്ട്. ൨൫ രൂപയ്ക്കുപോകുന്ന ഗ്രാഡ്വേറ്റ് വാദ്ധ്യാന്മാരിൽ പലരേയും എനിക്ക് അറിയാം. നിത്യം സങ്കടപ്പെട്ടു ജീവിക്കുന്ന അവർ എന്തുവേലചെയ്യും? ഈ രാജ്യത്തു് കാലക്ഷേപത്തിനു് മറ്റുയാതൊരു നിവൃത്തിയുമില്ലാഞ്ഞിട്ടാണു് ആ ജോലിക്കുപോകുന്നതു് അല്ലാതെ അവർക്കു സമ്മതമായിട്ടു പോകുന്നതല്ല. വിദ്യാഭ്യാസഡിഫ്രിക്കുള്ളവർക്കു മെണ്ടിൽതന്നെയല്ല മറ്റേതു ഡിഫ്രിക്കുള്ളവർക്കുമെണ്ടിലും അവർക്കു് ൨൫ രൂപയൊ അതിൽ കുറച്ചെങ്കിലും കൂടുതലൊ വയ്ക്കേണ്ടതായിരുന്നു. അതിൽ കുറഞ്ഞ ശമ്പളത്തിനു് ഒരു ഗ്രാഡ്വേറ്റിനേയും ഒരു ജോലിക്കും നിയമിക്കാൻ പാടില്ല. അങ്ങിനെ ആയാൽ അവർക്കു് ഉദ്യോഗം കിട്ടുവാനുള്ള വഴി അടഞ്ഞുപോകുമെന്ന സമാധാനവുംകൊണ്ടു വരുന്നവരുടെ ന്യായം ശരിയായതാണെന്നു തോന്നുന്നില്ല. ഗ്രാഡ്വേറ്റ്സിനെല്ലാം ഉദ്യോഗം കൊടുക്കുവാൻ ഗവമ്മെണ്ടിനെക്കൊണ്ടു സാധിക്കുകയില്ല. അവർക്കു് ഗവമ്മെണ്ടിൽ ഉദ്യോഗം കിട്ടുകയില്ലെന്നുകണ്ടു് മറ്റുവഴിക്കു തിരിക്കുവാൻ തുടങ്ങണം. പിന്നെ സമുദായപ്രതിനിധിത്തിനു് എന്തിനുവാദിക്കുന്നുവെന്നു ചോദിക്കാം. സമുദായത്തിനു് കിട്ടേണ്ടതു കിട്ടിയില്ലെങ്കിൽ വേറെപലവിധത്തിലും നഷ്ടം വരുന്നുണ്ടെന്നുള്ളതുകൊണ്ടാണു് ആ വാദം. ഭരണകാര്യത്തിലും മറ്റും പങ്കുകിട്ടേണമെന്നല്ലാതെ സമുദായത്തിലുള്ളവർക്കെല്ലാം ഉദ്യോഗം കൊടുത്തുകൊള്ളണമെന്നു വെച്ചുകൊണ്ടല്ല സമുദായപ്രതിനിധ്യവാദം കൊണ്ടുവരുന്നതു്. ഉദ്യോഗം ഉണ്ടെങ്കിൽ എല്ലാവർക്കുംകൊടുക്കാമായിരുന്നു. അതു സാധിക്കുന്നകാര്യമല്ല. അതുകൊണ്ടു് ൨൫ രൂപയിൽ കുറഞ്ഞു് ഗ്രാഡ്വേറ്റ്സിനെ നിയമിക്കുന്നതല്ലെന്നുള്ള നയം ഗവമ്മെണ്ടു് സ്വീകരിക്കേണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

Mr. Thomas Manjuran.—Sir, if I understand the motion as put by the mover correctly, he means that, because of the want of the restrictions he advocates, Graduates are monopolising the field and the backward communities are not getting proper employment. I cannot agree with him when he says that in a comparatively poor State like ours, Graduates must not be appointed for posts of Rs. 25. I am fully at one with the aspirations of the backward communities that Graduates should not swamp the Government services because of higher qualifications. Surely safeguards should be provided. Suppose there is a job on Rs. 25, prescribe a minimum qualification for it. If there are 8 applicants of whom one is a member of the backward community with the minimum qualification and others with higher qualifications but from other communities, the post may be given to the backward community man. I do not want to sacrifice considerations of communities. It is not efficiency alone that matters; all other considerations should not be

LIBRARY ARCHIVES Kerala Legislative Assembly

gnored. I am obliged to say that the proposition as it stands, that Graduates should not be started on less than Rs. 40, should not be countenanced. So I oppose the motion.

Dr. A. R. Menon.—I only want to point out that, if this rule were adopted and put into force some thirty years ago, we would not have the happiness of seeing some of the Heads of Departments sitting there. If Graduates are starting on something less than Rs. 40, what would have been the loss to the State? The Special Finance Committee considered over the matter, and they have arrived at this conclusion after deep deliberations. Even though the rule is that preference be given to Graduates, is it not the duty of the Government to consider whether the people who have not sufficient qualification should be provided for? Even with all these restrictions, every attempt is made by the Heads of Departments to appoint Graduates. Now, what will be the state of affairs, when a Graduate and an undergraduate come forward for a post, and the Head of a Department gives preference to the undergraduate? He will not be allowed to sit in this Council for 5 minutes, for, he will be assailed with questions and interpellations. You have shown partiality, the better man was relegated to the background, you have put your own favourite, and so many things will be said. As things stand, he could get up and say, he was preferred according to the University qualification. Whatever be the fitness, the University says that A is a better man than B, because A is a B. A., and the other is only a Matriculate. There must be some standard of fixing the qualifications of these persons. I quite agree that there are Graduates, Masters of Arts, who are not half as able as Matriculates. In all these matters, there must be a certain standard, a certain method to test everything. How can you do it? As things now stand in India, that method is to test a man's qualifications given to him by a University, and if he possesses the qualification, consider him to be fit. He may be fit or he may not be fit. But the proposition that is brought forward is that mere test of fitness recorded by the University should operate adversely against the man who possesses the qualification. The proposition to my mind seems to be very absurd and I cannot find my way to support the proposition. I, therefore, oppose it.

Mr. A. B. Salem.—Sir, I also rise to oppose this motion. To my mind, efficiency will be sacrifiecd in most of the Departments by this rule of excluding all Graduates from there. Because in most of the Departments the Head clerks may be drawing only Rs. 60.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Kannan Nayar.—The mover himself will withdraw. We have got a lot of topics.

മിസ്റ്റർ കെ. അയ്യപ്പൻ.—ഗ്രാജ്വേറ്റ്സിന് ർ ം ശ്രമ കൊടുക്കണമെന്നാണ് ഞാൻ പറഞ്ഞത്. ഏതു ഉദ്യോഗത്തിലായാലും അവക്ക് ർ ം ശ്രമ കിട്ടണം. അല്ലാതെ ഗ്രാജ്വേറ്റ്സിനെ നിയമിക്കരുതെന്നല്ല; എന്റെ പ്രമേയത്തെ എല്ലാവരും തെറ്റിദ്ധരിച്ചിരിക്കുന്നു. ഗ്രാജ്വേറ്റ്സിന് ർ ം ശ്രമ കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതിൽ കുറച്ചു കൊടുക്കരുത്.

പ്രസിഡെണ്ട്.—ർ ം ശ്രമയുടെ വഴിയുള്ള ഉദ്യോഗങ്ങൾക്കേ ഗ്രാജുവേറ്റ്സിനെ എടുക്കാവൂ എന്നാണോ?

മിസ്റ്റർ കെ. അയ്യപ്പൻ.—ഗ്രാജ്വേറ്റ്സിനെ മാത്രം വെയ്ക്കേണ്ട സ്ഥലം ഉണ്ടെങ്കിൽ അവിടെയെല്ലാം അവക്ക് ർ ം ശ്രമ കൊടുക്കണം.

പ്രസിഡെണ്ട്.—ഗ്രാജ്വേറ്റ്സിനെ പണിയിൽ വെയ്ക്കണമെങ്കിൽ ർ ം ശ്രമ കൊടുക്കണം അല്ലെങ്കിൽ വയ്ക്കരുത്, എന്നല്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ.—എന്റെ പ്രമേയത്തിന്റെ ഫലം അങ്ങനെ വരും. ഗ്രാജ്വേറ്റ്സിനെ അധികം നിയമിക്കരുതെന്നല്ല; നിയമിക്കപ്പെടുന്നവക്ക് അധികം ശമ്പളം കിട്ടണം.

ഏതായാലും എല്ലാവരും എന്റെ പ്രമേയത്തെ തെറ്റിദ്ധരിച്ചിരിക്കുന്നതായി കാണുന്നതിനാൽ ഞാൻ ഇതിനെ പിൻവലിക്കുന്നു.

(*The resolution was withdrawn with leave.*)

President.—What is the next resolution?

Commercial Teachers.

മിസ്റ്റർ ടി. കെ. നായർ.—എന്റെ പേരിൽ ഒരു മോഷൻ ഉണ്ട്.

"*This Council is of opinion that the pay of the Commercial Teachers in High Schools may be the same as that of Commercial Teachers in the Trades School*".

എന്നാണത്. ട്രേയിഡ് സ്കൂൾ കമ്മേർഷ്യൽ ടീച്ചർമാർക്ക് ഇപ്പോൾ ർ ം —ം ം ശ്രമ ശമ്പളം കൊടുത്തു വരുന്നുണ്ട്. അതേ വിഷയം തന്നെ ഹൈസ്കൂളുകളിൽ പഠിപ്പിക്കുന്ന കമ്മേർഷ്യൽ മാസ്റ്റർമാർക്കാകട്ടെ ന ം ശ്രമ മാത്രമാണ് കൊടുത്തുവരുന്നത്.

പ്രസിഡെണ്ട്.—കമ്മിറ്റി റിപ്പോർട്ടിൽ ട്രെയിഡ് സ്കൂൾ ടീച്ചർമാർക്ക് എന്തു ശമ്പളമാണ് കൊടുത്തിരിക്കുന്നത്?

മിസ്റ്റർ ടി. കെ. നായർ.—റിപ്പോർട്ടിൽ ഈ എനം പ്രത്യേകമായി കൊടുത്തു കാണുന്നില്ല. മറ്റു മാസ്റ്റർമാരുടെ ശമ്പളത്തോടു കൂട്ടിച്ചേർത്താണിട്ടിരിക്കുന്നത്. അതിനാൽ കമ്മേർഷ്യൽ ടീ

LIBRARY ARCHIVES Kerala Legislative Assembly